**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2717** **17-03-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളിലെ കുടിശികയായ ലോണുകൾക്ക് സമാശ്വാസം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | **null**<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | മാരക രോഗങ്ങളും കോവിഡ്-19 ഉം സൃഷ്ടിച്ച രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിൽ സഹകരണ ബാങ്കുകളിലെ ലോൺ കുടിശ്ശികയായവർക്ക് തിരിച്ചടവിൽ ആനുകൂല്യങ്ങൾ നൽകുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ; | (എ) | മാരക രോഗങ്ങളും കോവിഡ്-19 ഉം സൃഷ്ടിച്ച രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിൽ സഹകരണ ബാങ്കുകളിലെ ലോൺ കുടിശ്ശിക യായവർക്ക് തിരിച്ചടവിൽ ഇളവുകൾ നൽകി വരുന്നുണ്ട്. സംസ്ഥാനത്ത് കോവിഡ് 19 രോഗ ബാധ ഉണ്ടായതിനെ തുടർന്ന് വിവിധ മേഖലകളിൽ കനത്ത സാമ്പത്തിക പ്രതിസന്ധി ഉണ്ടായ പശ്ചാത്തലത്തിൽ എല്ലാ സഹകരണ സ്ഥാപനങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള എല്ലാവിധ വായ്പകൾക്കും 01.03.2020 മുതൽ 31.08.2020 വരെ മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ എടുത്ത് കുടിശ്ശിക ആയിട്ടുള്ളതും, കോവിഡ് മഹാമാരി കാരണം ജീവിതം ദു:സ്സഹമായി രിക്കുന്നതുമായ വായ്പക്കാർക്ക് ആശ്വാസമാവുക എന്ന ലക്ഷ്യത്തോടുകൂടി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2021 ആഗസ്റ്റ് 16 മുതൽ നടപ്പിലാക്കി വരുന്നു. നിലവിൽ ടി പദ്ധതി 2022 മാർച്ച് 31 വരെ നടപ്പിലാക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. കേരള ബാങ്ക്, മലപ്പുറം ജില്ലാ സഹകരണ ബാങ്ക് എന്നീ ബാങ്കുകളിലും 2022 മാർച്ച് 31 വരെ ടി പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടാതെ കോവിഡ് – 19 പശ്ചാത്തലത്തിൽ കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷനിൽ നിന്നും വായ്പയെടുത്ത അംഗസംഘങ്ങൾക്ക് ഡിമാൻഡ് കുടിശ്ശിക അടയ്ക്കുന്നതിന് സാവകാശം അനുവദിക്കുകയും, പുതിയതായി അനുവദിച്ച വായ്പകളുടെയും, നിലവിലുള്ള വായ്പകളുടെയും പലിശ നിരക്കിൽ 1½ ശതമാനം കുറവ് വരുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സഹകരണ ബാങ്കുകളിൽ നിലവിൽ ലോൺ കുടിശ്ശികയായവർക്ക് എന്തെല്ലാം സമാശ്വാസ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കുമോ; | (ബി) | സഹകരണ ബാങ്കുകളിൽ നിലവിൽ ലോൺ കുടിശ്ശികയായവർക്ക് നൽകി വരുന്ന സമാശ്വാസ പദ്ധതികളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി :- സഹകരണ |

| | | | |
|---|---|---|---|
| | | | ബാങ്കുകളിൽ നിന്ന് വായ്പ എടുത്ത് കുടിശ്ശിക ആയിട്ടുള്ളതും, കോവിഡ് മഹാമാരി കാരണം ജീവിതം ദു:സ്സഹമായിരിക്കുന്നതുമായ വായ്പക്കാർക്ക് ആശ്വാസമാവുക എന്ന ലക്ഷ്യത്തോടുകൂടി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2021 ആഗസ്റ്റ് 16 മുതൽ നടപ്പിലാക്കി വരുന്നു. നിലവിൽ ടി പദ്ധതി 2022 മാർച്ച് 31 വരെ നടപ്പിലാക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. ടി പദ്ധതിയിലൂടെ വായ്പക്കാർക്ക് പിഴ പലിശ പൂർണ്ണമായി ഒഴിവാക്കിയും പലിശയിൽ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 50% വരെ ഇളവ് നൽകിയും അർഹരായവർക്ക് മാനദണ്ഡങ്ങൾ പാലിച്ച് മുതലിൽ ഇളവ് നൽകിയും വായ്പ കണക്ക് അവസാനിപ്പിച്ച് വരുന്നു. കേരള സംസ്ഥാന സഹകരണ ബാങ്ക് 2022 മാർച്ച് 31 വരെ ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്. ടി ബാങ്ക് പട്ടികജാതി/പട്ടികവർഗ്ഗവിഭാഗങ്ങൾ, മത്സ്യ തൊഴിലാളികൾ എന്നിവർ എടുത്തിട്ടുള്ള ഒരു ലക്ഷം രൂപവരെയുള്ള കാലാവധി കഴിഞ്ഞ വായ്പകളുടെ മുതൽ മാത്രം ഈടാക്കി വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിന് ടി പദ്ധതിയിലൂടെ അവസരം നൽകുന്നുണ്ട്. മലപ്പുറം ജില്ലാ സഹകരണ ബാങ്കും 2022 മാർച്ച് 31 വരെ ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്ത് കോവിഡ് 19 രോഗബാധ ഉണ്ടായതിനെ തുടർന്ന് വിവിധ മേഖലകളിൽ കനത്ത സാമ്പത്തിക പ്രതിസന്ധി ഉണ്ടായ പശ്ചാത്തലത്തിൽ എല്ലാ സഹകരണ സ്ഥാപനങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള എല്ലാവിധ വായ്പകൾക്കും 01/03/2020 മുതൽ 31/08/2020 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇത്തരത്തിൽ കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ നിന്നും സമർപ്പിച്ച അപേക്ഷകളിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ നിന്നും ആകെ 408 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ കൂത്തുപറമ്പ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ നേരിട്ട് ലഭിച്ച 5 അപേക്ഷകളും, കുടിശ്ശിക നിവാരണം പദ്ധതിയിൽ ഉൾപ്പെടുത്തി സഹകരണ സ്ഥാപനങ്ങളിൽ നടന്ന അദാലത്തുകളിൽ ലഭിച്ച 353 അപേക്ഷകളും ഉൾപ്പെടെ ആകെ 358 വായ്പാ അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ